AUP SCHOOL KULUKKALLUR

ESTD :1932
PUBLISHED : 6-8-2018
ACTIVITIES OF JULY
Vol-2



# സ്പന്ദനം . . .

കുലുക്കല്ലൂർ എ യു പി സ്കൂൾ ഡിജിറ്റൽ പത്രം

## ഡിജിറ്റൽ പത്രം

*A U P S കുലുക്കല്ലൂരിലെ ആദ്യ ഡിജിറ്റൽ പത്രം സ്പ* ന്ദനം പ്രകാശനം * .ചെയ്തു A U P S കുലുക്കല്ലൂരിലെ ആദ്യ ഡിജിറ്റൽ പത്ര കോപ്പി ഹെഡ്മാസ്റ്റർ C V ജയകൃഷ്ണൻ സ്കൂൾ ലീഡർ തീർത്ഥ ഗോഗുലിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.*



## P T A ജനറൽ ബോഡി യോഗം




A U P S കുലുക്കല്ലൂരിലെ P T A ജനറൽ ബോഡി യോഗം കുട്ടികളുടെ അധ്യയന ദിനം നഷ്ടപ്പെടുത്താതെ ശനിയാഴ്ച നടന്നു. PTA, MPTA എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടന്നു .PTA പ്രസിഡണ്ട് ആയി ജയരാജ് കുലുക്കല്ലൂരിനെയും, വൈസ് പ്രസിഡണ്ട് ആയി K മുഹമ്മദിനെയും തിരഞ്ഞെടുത്തു .MPTA പ്രസിഡണ്ട് ആയി ശ്രീജയെയും വൈസ് പ്രസിഡണ്ട് ആയി സുനിത T.P യെയും തിരഞ്ഞെടുത്തുജയ . ചടങ്ങിൽ രാധ ടീച്ചർ സ്വാഗതം പറഞ്ഞു . രാജ് കുലുക്കല്ലൂർ അധ്യക്ഷത വഹിച്ചു .H M ജയകൃഷ്ണൻ മാസ്റ്റർ റിപ്പോർട്ട് അവതരിപ്പിച്ചു . ബഷീർ മാസ്റ്റർ , മുഹമ്മദ്, ദിനേഷ് C V എന്നിവർ സംസാരിച്ചു പ്രസന്ന ടീച്ചർ നന്ദി . .പറഞ്ഞു

## ബഷീർ ദിനം

*ബേപ്പൂർ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീർ ചരമദിനം കുലുക്കല്ലൂർ എ യു പി സ്കൂളിൽ ഐ സി ടി സാധ്യതകളും ലൈബ്രറി പുസ്തകങ്ങളും ഉൾപ്പെടുത്തി സംഘടിപ്പിച്ചു. ബഷീർ കൃതികളുടെ പ്രദർശനം, സിഡി പ്രദർശനം എന്നിവ ഉണ്ടായി. ബഷീർ അനുസ്മരണവും നടന്നു*




## റേഡിയോ ക്ലബ്

A U P S കുലുക്കല്ലൂരിൽ സ്കൂൾ റേഡിയോ ക്ലബ് ഉദ്ഘാടനം ആകാശ വാണി കാഷ്വൽ അനൗൺസർ ആയിരുന്ന ചിത്ര ടീച്ചർ നിർവഹിച്ചു സ്കൂൾ റേഡിയോ അവതരിപ്പി . ക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ച് വിശദമായി ചിത്ര ടീച്ചർ കുട്ടികൾക്ക് പറഞ്ഞു കൊടുത്തു, ഒപ്പം ആകാശ . . വാണിയിലെ അനുഭവങ്ങളും പങ്കുവെച്ചു മനോഹരമായ ഒരു കവിതയും ആലപിച്ചു കുട്ടികൾക്ക് റേഡിയോ അവത . രണത്തെ കുറിച്ച് പുതിയ അറിവുകൾ നേടാൻ കഴിഞ്ഞു . ചടങ്ങിൽ രാധ ടീച്ചർ സ്വാഗതവും ജയൻ മാസ്റ്റർ നന്ദിയും തുടർന്ന് കുട്ടികളുടെ റേഡിയോ പരിപാടികൾ .പറഞ്ഞു .നടന്നു




ഷൊർണൂർ സബ്ജില്ലാ തല ALIF ARABIC TALENT ടെസ്റ്റിൽ രണ്ടാം സ്ഥാനത്തോടെ ജില്ലാതലത്തിലേക്ക് സെലെക്ഷൻ നേടിയ A U P S കുലുക്കല്ലൂരിലെ ഏഴാം ക്ലാസ് വിദ്യാർഥി നിയാസ്. *അഭിനന്ദനങ്ങൾ...*



**AUP SCHOOL KULUKKALLUR**

ESTD :1932
PUBLISHED : 6-8-2018
ACTIVITIES OF JULY
Vol-2



# സ്പന്ദനം . . .

കുലുക്കല്ലൂർ എ യു പി സ്കൂൾ ഡിജിറ്റൽ പത്രം

## തിരഞ്ഞെടുപ്പ്





സ്കൂൾ ലീഡർ തീർത്ഥ ഗോഗുൽ

സെക്കൻറ് ലീഡർ ദേവനന്ദ

എ യു പി സ്കൂൾ കുലുക്കല്ലൂരിൽ സ്കൂൾതല തിരഞ്ഞെടുപ്പ് നടന്നു . വിവിധ ക്ളാസ്സുകളിലെ ലീഡർമാർ , സ്കൂൾ ലീഡർ എന്നിവരെ തിരഞ്ഞെടുത്തു. ഏഴ് എ ക്ലാസ്സിലെ തീർത്ഥ ഗോഗുൽ സ്കൂൾ ലീഡർ ആയും ആറ് എ ക്ലാസ്സിലെ ദേവനന്ദ സെക്കൻറ് ലീഡറായും തിരഞ്ഞെടുക്കപ്പെട്ടു. പോളിംഗ് ബൂത്തും ഏജൻറുമാരും ഒക്കെ ആയി തിരഞ്ഞെടുപ്പിൻറെ എല്ലാ ഘട്ടങ്ങളിലൂടെയും പ്രവർത്തനം കടന്നു പോയി





## ക്ലബ്ബുകളുടെ ഉദ്ഘാടനം

A U P S കുലുക്കല്ലൂരിൽ വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം സുധീർ മാസ്റ്റർ നിർവഹിച്ചു. കുട്ടികൾക്കായി കൗതുകം ജനിപ്പിക്കുന്ന വിവിധ ശാസ്ത്ര പരീക്ഷണങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. ഈ നൂറ്റാണ്ടിലെ ദൈർഘ്യമേറിയ പൂർണ ചന്ദ്രഗ്രഹണത്തെ കുറിച്ച് വിശദമായ ഒരു ക്ലാസും അദ്ദേഹം നൽകി . ചടങ്ങിൽ സ്കൂൾ ലീഡർ തീർത്ഥ ഗോഗുൽ സ്വാഗതവും മുജീബ് മാസ്റ്റർ നന്ദിയും പറഞ്ഞു ഹെഡ് മാസ്റ്റർ .C V ജയകൃഷ്ണൻ, രാധ ടീച്ചർ, പ്രസന്ന ടീച്ചർ , P.ബഷീർ മാസ്റ്റർ , എന്നിവർ ചടങ്ങിൽ പങ്കെടുത്തു. വിവിധ ക്വിസ് മത്സരങ്ങളിൽ വിജയിച്ച കുട്ടികൾക്കുള്ള സമ്മാനങ്ങൾ ഹെഡ് മാസ്റ്റർ C V ജയകൃഷ്ണൻ മാസ്റ്റർ, പ്രസന്ന ടീച്ചർ എന്നിവർ വിതരണം ചെയ്തു. സീഡ് ക്ലബ്ബ് നേതൃത്വത്തിൽ നടപ്പാക്കുന്ന *love plastic* പദ്ധതിയുടെ ഉദ്ഘാടനം സീഡ് ക്ലബ്ബ് കൺവീനർ മുജീബ് മാസ്റ്റർ നിർവഹിച്ചു









## ചാന്ദ്രദിനാഘോഷം

A U P S കുലുക്കല്ലൂരിൽ ചാന്ദ്രദിനത്തോടനുബന്ധിച്ചു നടന്ന പതിപ്പ് നിർമ്മാണ മത്സരത്തിൽ VII A ക്ലാസ്സ് ഒന്നാം സ്ഥാനം നേടി .VA, VD ക്ലാസുകൾ രണ്ടാം സ്ഥാനവും VI A മൂന്നാം സ്ഥാനവും നേടി. തുടർന്ന് പതിപ്പ് പ്രദർശനം നടന്നു . ചാന്ദ്രദിന ക്വിസ് മത്സരത്തിൽ VII C യിലെ മുഹമ്മദ് ഫർഹാൻ ഒന്നാം സ്ഥാനവും VII A യിലെ തീർത്ഥ ഗോഗുൽ രണ്ടാം സ്ഥാനവും നേടി മൂന്നാം സ്ഥാനം അഭിലാഷ് .VII C.



*എഴുവന്തല വായനശാലയും ഭാവന ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബും സംയുക്ത ആഭിമുഖ്യത്തിൽ A U P S കുലുക്കല്ലൂരിലെ കുട്ടികൾക്കായി നടത്തിയ ഫുട്ബോൾ ലോകകപ്പ് പ്രവചന മത്സരത്തിൽ വിജയിച്ച അഞ്ചാം ക്ലാസ്സിലെ ഗൗരി കൃഷ്ണക്ക് രാധ ടീച്ചർ സമ്മാനം നൽകുന്നു;ആറാം ക്ലാസ്സിലെ ഷഹീദക്ക് പ്രോത്സാഹന സമ്മാ . നവും നൽക്.*